**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1503** **10-10-2024 - ൽ മറുപടിയ്ക്ക്**

**പോസ്റ്റ് ഓഫീസ് അനധികൃതമായി കൈവശം വച്ചിരിക്കുന്ന സ്ഥലം വീണ്ടെടുക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ആറ്റിങ്ങൽ കച്ചേരി നടയിൽ പോസ്റ്റ് ഓഫീസ് അനധികൃതമായി കൈവശം വച്ചിരിക്കുന്ന സ്ഥലം വീണ്ടെടുക്കുന്നതിനും ഗതാഗത തടസ്സം ഒഴിവാക്കുന്നതിനും ആയി റവന്യൂ വകുപ്പ് മുഖേന സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (എ) | ആറ്റിങ്ങൽ അവനവഞ്ചേരി വില്ലേജിൽ ആറ്റിങ്ങൽ പോസ്റ്റ് ഓഫീസിന്റെ കൈവശത്തിലിരിക്കുന്ന 2.430 സെന്റ് ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് പോസ്റ്റൽ വകുപ്പ് 30.07.2024 ന് ഹാജരാക്കിയ രേഖകൾ പ്രകാരം അവനവഞ്ചേരി വില്ലേജിൽ 1332, 1333, 1335 എന്നീ സർവ്വേ നമ്പരുകളിൽ നിന്നും 40 സെന്റ് സ്ഥലം ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരം പോസ്റ്റൽ വകുപ്പിന് ലഭിച്ചിട്ടുള്ളതാണ്. പ്രസ്തുത 2.430 സെന്റ് സ്ഥലം ടി സർവ്വേ നമ്പരുകളിൽ ഉൾപ്പെട്ടു വരുന്നു. ടി ഭൂമി ഏറ്റെടുത്ത് നൽകിയിട്ടുള്ളത് തിരുവനന്തപുരം സതേൺ സർക്കിൾ (PWD) സ്പെഷ്യൽ തഹസിൽദാർ മുഖാന്തിരമാണ്. ടി ഭൂമി എപ്രകാരമാണ് പോസ്റ്റൽ വകുപ്പിന് കൈമാറിയിട്ടുള്ളതെന്ന് ജില്ലാ കളക്ടറേറ്റിലെ എൽ.എ വിഭാഗം മുഖേന പരിശോധിച്ചു വരികയാണ്. ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതും സർക്കാർ ഭൂമി അനധികൃതമായി കൈവശം വച്ചിട്ടുണ്ടെങ്കിൽ നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ